കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടം ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/എം.പി.എം.17/770/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.28-05-2019

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,(സെക്രട്ടറി മുഖേന)

വെട്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വെട്ടം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –

സംബന്ധിച്ച്.

***************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.6/19

നം കെ.എസ്.എ.എം.പി.എം. 17/770/2019

തിയ്യതി:28-05-2019

<u>മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ</u>

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/06/2017 മുതൽ 27/03/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത്ത് ആർ,ഡെപ്യൂട്ടി ഡയറക്ടർ.

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 27-03-2019മുതൽ 11-04-2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. വേലായുധൻ കെ ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷജീർ .കെ | ഓഡിറ്റർ |

### ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി .പി പി മെഹറുന്നീസ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.മുരളി പി | 01.04.2017 മുതൽ 14.03.18 വരെ |
| 2.ശ്രീ.അബ്ദുൾസലീം ടി | 15.03.2018മുതൽ31.03.18 വരെ |

### മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.വെറ്ററിനറി സർജൻ | ഡോ.വിമൽസിവർഗ്ഗീസ് | 01.04.2017മുതൽ 31.03.2018വരെ |
| 2.മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. മുജീബ് റഹ്മാൻ | 01.04.2017മുതൽ 31.03.2018വരെ |
| 3.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ജറീന പി | 01.04.2017മുതൽ 28.06.2017വരെ |
| | ശ്രീമതി. ഓമന എ | 29.06.2017മുതൽ 31.03.2018വരെ |
| 4.വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ലൈജുമോൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 5.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ദാക്ഷായണി | 01.04.2017മുതൽ 31.03.2018 വരെ |
| 6.സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.പി ശിവദാസൻ | 01.04.2017മുതൽ 31.03.2018 വരെ |
| 7.ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബിനുസുധാകർ | 01.04.2017 മുതൽ 31.03.2018 വരെ |
| 8.ഹെഡ്മാസ്റ്റർ | ശ്രീ. ഹരീന്ദ്രൻ എ | 01.04.2017 മുതൽ 31.03.2018 വരെ |
| 9.കൃഷി ഓഫീസർ | ശ്രീമതി.ദിവ്യ കെ | 01.04.2017 മുതൽ 31.03.2018 വരെ |
| 10. മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രാജേഷ് എം | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല | 2-1 | |
| 13 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല. | 2-2 | |
| 14 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത | 2-3 | |
| 15 | ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം | 2-4 | |
| 16 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. | 2-5 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-1 | |
| 18 | തെരുവ് വിളക്ക് റിപ്പയർ പദ്ധതി - അപാകതകൾ | 3-2 | |
| 19 | കുടിവെള്ള പദ്ധതിയ്ക്കായി തനത്ഫണ്ട് വിനിയോഗിയ്ക്കുന്നത് ക്രമപ്രകാരമല്ല | 3-3 | |
| 20 | ലൈബ്രറി സെസ്സ് വൈകിഅടവാക്കുന്നു -സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-4 | |
| 21 | സോളാർ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതികൾ - അപാകതകൾ | 3-5 | |
| 22 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - പഞ്ചായത്ത് ഫണ്ടിന് അമിതഭാരവും അധികച്ചെലവും | 3-6 | |
| 23 | മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചു. | 3-7 | |
| 24 | NREGS-ജലസുരക്ഷ/കിണർ റീചാർജ് പദ്ധതികൾക്ക് പ്രാധാന്യം നൽകിയില്ല. | 3-8 | |
| 25 | സ്വയം തൊഴിലിന് ഓട്ടോറിക്ഷ പദ്ധതി - അപാകതകൾ | 3-9 | |
| 26 | എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ പദ്ധതി - അപാകതകൾ | 3-10 | |
| 27 | ഭവന പുനരുദ്ധരണം (ജനറൽ) പദ്ധതി - രേഖകൾ | 3-11 | |

| | | | |
|---|---|---|---|
| | ലഭ്യമാക്കിയില്ല | | |
| 28 | കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-12 | |
| 29 | കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-13 | |
| 30 | 8,9,10 ക്ലാസുകളിൽ പഠിയ്ക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി - അപാകതകൾ | 3-14 | |
| 28 | ആശ്രയ പദ്ധതി | 3-15 | |
| 29 | പി എം എ വൈ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-16 | |
| 30 | സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല. | 3-17 | |
| 31 | ഗുണഭോക്തൃ ലിസ്റ്റ്- മുൻഗണനാ ക്രമം പാലിച്ചില്ല. | 3-18 | |
| ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 41 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 03.03.2018 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30.07.2018 | 24.05.2018 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | കെ എസ് എ എം പി എം 17/1679/18 തി. 05.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,27,25,277.42 |
| വരവ് | 7,66,01,898 |
| ആകെ | 11,93,27,175.42 |
| ചെലവ് | 6,71,37,786 |
| നീക്കിയിരിപ്പ് | 5,21,89,389.42 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 32324063 | 32324063 | 26388708 | 59335355 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4735107 | 4735107 | 3996066 | 739041 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2998 | 2998 | 0 | 2998 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3849780 | 3849780 | 3842309 | 7471 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5593530 | 5593530 | 3044770 | 2548760 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13419700 | 13419700 | 9250555 | 4169145 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 13306 | 27294846 | 27308152 | 27304523 | 3629 |
| ബി ഫണ്ട് | 0 | 43244422 | 43244422 | 433244422 | 0 |
| തനത്ഫണ്ട് | 6228707 | 8698089 | 14926796 | 9788455 | 5138341 |
| തനത്ഫണ്ട് ട്രഷറി അക്കൗണ്ട് | 35698374 | 20159830 | 55858204 | 9615781 | 46242423 |
| എസ് ബി ഐ (മറ്റേണിറ്റി ) | 12449 | 0 | 12449 | 0 | 12449 |

| | | | | | |
|---|---|---|---|---|---|
| വി എസ് സി ബി (സാക്ഷരത) | 245 | 0 | 245 | 0 | 245 |
| വി എസ് സി ബി(സാനിറ്റേഷൻ ) | 350954 | 7896 | 358850 | 0 | 358850 |
| എസ് ബി ഐ (ഒ എ പി ) | 1800090.79 | 6708 | 186798.79 | 0 | 186798.79 |
| എസ് ബി ടി(എസ് എസ് എ) | 114693 | 0 | 114693 | 0 | 114693 |
| ജോയിന്റ് വെഞ്ചർഅക്കൗണ്ട് (ബ്ലോക്ക് പഞ്ചായത്ത്) | 0 | 800000 | 800000 | 670284 | 129716 |
| ജോയിന്റ് വെഞ്ചർഅക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | 0 | 73526 | 73526 | 73526 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 86059487 | 114 | 50313424 | 0 | 62 | 58.50 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13306 | 777567 | 790873 | 787244 | 3629 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 26517279 | 26517279 | 26517279 | |
| ആകെ | 13306 | 27294846 | 27308152 | 27304523 | 3629 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24840 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 3625700 | 316 |
| വിധവാപെൻഷൻ | 16025300 | 1347 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 16695200 | 1402 |
| വികലാംഗപെൻഷൻ | 5037800 | 422 |
| വിവാഹധനസഹായം | 1080000 | 36 |
| 50വയസ്സിനു മുകളിലിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 399000 | 45 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.03.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,225രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1) 17-18 വർഷത്തിൽ 12823997 രൂപയുടെ പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും , കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ബിൽ മാറുന്നത് പ്രകാരമുള്ള ബിൽ രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ജി.ഒ.(പി)177/06 ഫിൻ തീ.12.04.2006 പ്രകാരം നിർവ്വഹണോദ്യോഗസ്ഥരെല്ലാം ടി.ആർ.7-എ കാഷ് ബുക്ക് സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

4) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിച്ച് നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.

5) പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.02.2019 | 01/2019 | 21.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2015 | 2009-10 മുതൽ 2013-14 | 02.06.2015 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1)2016-17 വർഷത്തെ എ എഫ് എസ് ലെ അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.ടി രേഖകൾ അടുത്ത പരിശോധനാവേളയിൽ ഹാജരാക്കേണ്ടതാണ്.

2)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുൻപുള്ള എല്ലാ ആസ്തിബാധ്യതകളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3)ജനറൽ പർപ്പസ് ഗ്രാൻറിനത്തിൽ 31.03.18 ന് ലഭിച്ച 65840 രൂപ വാർഷിക കണക്കിൽ ബുക്കുചെയ്തിട്ടില്ല.

4)മൂന്നമാസത്തിലധികമായി എൻകാഷ് ചെയ്യാത്ത 7156205/27.07.16 (1227 രൂപ )എന്ന ട്രഷറി ചെക്കിന്റെ തുക Liability in respect of stale cheque എന്ന ശീർഷത്തിലേക്ക് മാറ്റിയിട്ടില്ല.

5)അസിസ്റ്റന്റ് എഞ്ചിനീയർ TR-7A കാഷ് ബുക്ക് സൂക്ഷിയ്ക്കുന്നില്ല. കൃഷി ഓഫീസർ ആയത് സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും ബിൽ പ്രകാരം പിൻവലിച്ച തുകകൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.നിർവ്വഹണ ഉദ്യോഗസ്ഥർ ആരും തന്നെ നിശ്ചിത ഫോർമാറ്റിൽ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.

6)ഐ സി ഡി എസ് കേന്ദ്രവിഹിതം .ശുചിത്വമിഷൻ ഗ്രാന്റ് തുടങ്ങിയവ തനത്ഫണ്ടിൽ സൂക്ഷിയ്ക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7)പ്രധാന അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ,അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ് ) എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2 -1 ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൌണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, വെട്ടം ഗ്രാമപഞ്ചായത്ത് 2017-18വർഷത്തിൽ ടെണ്ടർ ചെയ്ത 18 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചാത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിവരം | പങ്കെടുത്തവരുടെ എണ്ണം/നിരക്ക് | ആകെ ഫോറം വില |
|---|---|---|

| | | |
|---|---|---|
| പ്രൊജക്റ്റ് നം.63/18-കാഞ്ഞിരക്കുറ്റി-അരിക്കാഞ്ചിറ നടപ്പാത | 5x1300 | 6500 |
| പ്രൊജക്റ്റ് നം.74/18/-ചേങ്ങോട്ട്-വാൽക്കട്ടി റോഡ് | 2x1300 | 2600 |
| പ്രൊജക്റ്റ് നം.78/18 പരിയാപുരം കായൽപാടം കാന്നൂർ റോഡ് | 5x1300 | 6500 |
| പ്രൊജക്റ്റ് നം.80/18പഞ്ചായത്ത് ഓഫീസ് ഒടേങ്ങലംപടി റോഡ് | 4x2600 | 10400 |
| പ്രൊജക്റ്റ് നം.81/18-മാനാത്ത് അരിമ്പിരുത്തി റോഡ് | 2x1900 | 3800 |
| പ്രൊജക്റ്റ് നം.82/18-ആയുർവ്വേദ ഡിസ്പെൻസറി റോഡ് | 3x1300 | 3900 |
| പ്രൊജക്റ്റ് നം.8418-വെട്ടത്ത് കാവ് കനോലികനാൽ റോഡ് | 2x1300 | 2600 |
| പ്രൊജക്റ്റ് നം.90/18-തായംപറമ്പ് ശിഹാബ് തങ്ങൾ റോഡ് | 3x1300 | 3900 |
| പ്രൊജക്റ്റ് നം.91/18-പടിയത്ത് പറമ്പ് അംഗൻവാടി റോഡ് | 1x1900 | 1900 |
| പ്രൊജക്റ്റ് നം.95/18-പടിയം റോഡ് | 2x1900 | 3800 |
| പ്രൊജക്റ്റ് നം.122/18/-തട്ടാൻ പടി റോഡ് | 1x1300 | 1300 |
| പ്രൊജക്റ്റ് നം.124/18-വേളാപുരം ജുമാ മസ്ജിദ് റോഡ് | 4x1300 | 5200 |
| പ്രൊജക്റ്റ് നം.153/18-പുളിഞ്ചോട് തിരുത്തിപ്പറമ്പ് റോഡ് | 2x3350 | 6700 |
| പ്രൊജക്റ്റ് നം.167/18-ആലിശ്ശേരി കുഞ്ഞൂലിക്കടവ് ഡ്രൈനേജ് | 5x3450 | 17250 |
| പ്രൊജക്റ്റ് നം.192/18-GMUP സ്കൂൾ മെയിന്റനൻസ് | 3x2400 | 7200 |
| പ്രൊജക്റ്റ് നം.51/18-പഞ്ചായത്ത് ഓഫീസ് നവീകരണം | 2x1850 | 3700 |
| പ്രൊജക്റ്റ് നം.125/18-പഞ്ചായത്ത് ഓഫീസ് പൂർത്തീകരണം | 2x1850 | 3700 |
| പ്രൊജക്റ്റ് നം.146/18-അംഗൻവാടികളുടെ റിപ്പയറിംഗ് | 2x2450 | 4900 |
| ആകെ | | 95850 |

## **2-2** <u>നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല.</u>

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. വെട്ടം ഗ്രാമപഞ്ചായത്തിൽ 2017-18വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ 48 മരാമത്ത് പ്രവൃത്തികളിൽ നിന്നായി 127774 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം പഞ്ചായത്ത് തനത് ഫണ്ടിന് 1278 രൂപ , നഷ്ടം സംഭവിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ് ഈടാക്കാത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/04.04.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-3 വസ്തു നികുതി നിർണ്ണയത്തിലെ അപാകത

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വെട്ടം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണ സമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ച.മീ |

എന്നാൽ ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ ആകെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിടനമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിലാസം | ആകെ വിസ്തീർണ്ണം (ച.മീ) | അസസ് ചെയ്ത നികുതി നിരക്ക് | ഈടാക്കേണ്ട നികുതി നിരക്ക് | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| II/ 153 A, 153B,153C,153D, 153E | സക്കരിയ ബാവാച്ചിന്റെ പുരക്കൽ | 111 (20%വർദ്ധനവ്) | 30 | 50 | 6660 | 3996 | 2664 |
| IV/ 290A, 290B,290C, 290D, | കാദർ ജാവിദ്, കുന്നകത്ത് ഹൗസ് | 118 10% ഇളവ് 20%വർദ്ധനവ് | 30 | 50 | 6490 | 3894 | 2596 |
| VIII/ 31A, 31B, 31C, 31D, 31E | ജൈസൽ , ഒറ്റയിൽ | 114 | 30 | 50 | 5700 | 3420 | 2280 |

| | | | |
|---|---|---|---|
| | | ആകെ | 7540 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-23/ 9.4.2019) നൽകിയ മറുപടിയിൽ നികുതി പുനർ നിർണ്ണയിച്ച്, കുറവ് വന്ന് തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി വിവരമറിയിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ്ഫീ ഈടാക്കിയിട്ടുണ്ടോയെന്നും, ടിയിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിയുന്നില്ല. പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു. ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ഓരോവർഷവും അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് മാത്രം ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്ന രീതിയാണ് തുടരുന്നത്. ഫീൽഡ് പരിശോധന നടത്തി സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും, ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-23/ 9.4.2019) നൽകിയ മറുപടിയിൽ സ്ഥാപന രജിസ്റ്റർ തയ്യാറാക്കുന്നതാണെന്ന് അറിയിച്ചു.

## 2-5 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വാക്കാട്, ആയുർവ്വേദ ഡിസ്പെൻസറി, വെട്ടം എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആയത് നിശ്ചിത മാതൃകയിൽ ഓഡിറ്റിന് സമർപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ ജീവനക്കാർക്ക് ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. എന്നാൽ ശമ്പള കുടിശ്ശിക തുകയിലുൾപെട്ട അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം അടവാക്കിയിട്ടില്ല. ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ/തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21700070/29.04.17 | 36,549 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു -ശ്രീ. അബ്ദുൾസലീം ടി എം,അസി.സെക്രട്ടറി |
| 21700071/29.04.17 | 22,279 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു- ശ്രീ.ജെയ്സൽ വി പി ,അക്കൗണ്ടന്റ് |

| | | |
|---|---|---|
| 21700072/29.04.17 | 19,834 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീമതി.സുജാത എ ബി,സീനിയർ ക്ലാർക്ക് |
| 21700073/29.04.17 | 11,704 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീ.സുനീഷ് എസ് ,സീനിയർ ക്ലാർക്ക് |
| 21700074/29.04.17 | 15,895 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീ.മണികണ്ഠൻ പി ,സീനിയർ ക്ലാർക്ക് |
| 21700075/29.04.17 | 16,516 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീ.ദീപികൃഷ്ണ ബി എസ് ,സീനിയർ ക്ലാർക്ക് |
| 21700076/29.04.17 | 18,750 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീ.ഹരിദാസൻ മഠത്തിൽ , പാർട്ട് ടൈം ലൈബ്രേറിയൻ |
| 21700077/29.04.17 | 19,314 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീ.ജിനേഷ് ടി ജെ, ഓഫീസ് അറ്റന്റന്റ് |
| 21700078/29.04.17 | 9,808 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീമതി.ജാനകി കെ കെ , പി.ടി.എസ്. |
| 21700079/29.04.17 | 9,808 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീ.ശിവദാസൻ വി , പി.ടി.എസ്. |
| 21700080/29.04.17 | 9,686 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീ.രാമൻ ടി വി , പി.ടി.എസ്. |
| 21700081/29.04.17 | 9,502 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീമതി.ലീല, ആയ, ശിശുമന്ദിരം, വെട്ടം |
| 21700082/29.04.17 | 8,668 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീമതി.ബുഷ്റ , ടീച്ചർ, ശിശുമന്ദിരം,വെട്ടം |
| 21700083/29.04.17 | 19,542 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീമതി.ലതിക എം സി, സീനിയർ ക്ലർക്ക് |
| 21700130/29.05.17 | 50,231 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീ.ശശികുമാർ കെ ,മുൻ സെക്രട്ടറി |
| 21700061/28.04.17 | 29,762 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീമതി.രുഗ്മണി ഒ എ (റിട്ട.) |
| 21700348/05.08.17 | 35,004 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു- ശ്രീ. ശ്രീകുമാർ ബി ,ജെ എസ് |
| 21700360/16.08.17 | 31,538 | മുൻ സെക്രട്ടറി ശ്രീ.ജയരാജൻ പി |
| 21700542/25.10.17 | 40,388 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു - ശ്രീ. കെ ശശികുമാർ ,പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ |
| 21700543/25.10.17 | 23,930 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു -രുഗ്മണി ടി, ഒ എ (റിട്ടയേർഡ് ) |
| 21700544/25.10.17 | 1,67,493 | ഗ്രാമ പഞ്ചായത്തിലെ 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു- താഴെ പറയുന്ന ജീവനക്കാരുടെ |

| | | |
|---|---|---|
| | 29,387 | ശ്രീ. അബ്ദുസലിം , അസിസ്റ്റന്റ് സെക്രട്ടറി |
| | 17,914 | ശ്രീ.ജൈസൽ വി പി , അക്കൗണ്ടന്റ് |
| | 15,946 | ശ്രീമതി.സുജാത എ ബി , സീനിയർ ക്ലാർക്ക് |
| | 9410 | ശ്രീ.സുനീഷ് എസ്, സീനിയർ ക്ലാർക്ക് |
| | 12780 | ശ്രീ.മണികണ്ഠൻ പി ,സീനിയർ ക്ലാർക്ക് |
| | 13,280 | ശ്രീമതി.ദീപി കൃഷ്ണൻ ബി എസ് ,<br>സീനിയർ ക്ലാർക്ക് |
| | 15,076 | ശ്രീ.ഹരിദാസൻ മാത്തിൽ, പാർട്ട് ടൈം ലൈബ്രേറിയൻ |
| | 15,530 | ശ്രീ.ജിനേഷ് ടി ജെ , ഓഫീസ് അറ്റന്റന്റ് |
| | 7,886 | ശ്രീമതി.ജാനകി കെ കെ , പി.ടി.എസ്. |
| | 7,886 | ശ്രീ.ശിവദാസൻ വി , പി.ടി.എസ്. |
| | 7,788 | ശ്രീ.രാമൻ ടി വി , പി.ടി.എസ്. |
| | 6,970 | ശ്രീമതി.ബുഷ്റ , ആയ ടീച്ചർ, ശിശുമന്ദിരം, വെട്ടം |
| | 7,640 | ശ്രീമതി.ലീല ആയ , ശിശുമന്ദിരം, വെട്ടം |

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.19/10.04.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 തെരുവ് വിളക്ക് റിപ്പയർ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 65/2018

വിനിയോഗിച്ച തുക – 3,99,850 രൂപ(പ്ലാൻ )

ബിൽ നം. 8/17-18/21.08.17 – 1,99,925 രൂപ

ബിൽ നം. 31/17-18/28.03.17 – 1,99,925 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ടെണ്ടർ ക്ഷണിച്ചില്ല.

പ്രോജക്റ്റ് നം. 70/2017 തെരുവ് വിളക്ക് റിപ്പയർ പദ്ധതിയ്ക്കാണ് ടെണ്ടർ നം.A2 3700/16 തി. 25.01.2017 പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.ആയതിന്റെ അടങ്കൽ 2,00,000 രൂപയായി നിശ്ചയിച്ചാണ് അംഗീകാരം വാങ്ങിയത്.എന്നാൽ പ്രോജക്റ്റ് നം. 65/2018 ന്റെ അടങ്കൽ 4,00,000 രൂപയാണ്. ഇ എം ഡി തുകയിൽ വ്യത്യാസം വരുമെങ്കിലും ഈ പദ്ധതിയ്ക്കായി പ്രത്യേക ടെണ്ടർ ക്ഷണിച്ചിട്ടില്ല.

കൂടാതെ ,പ്രോജക്റ്റ് നം. 70/2017 തെരുവ് വിളക്ക് റിപ്പയർ പദ്ധതിയ്ക്കായി ടെണ്ടർ സമർപ്പിച്ചത് ശ്രീ. അബൂബക്കർ ടി ഇ ,അഹമ്മദ് മൻസിൽ പോക്കയിൽ തിരൂർ എന്നയാളുടെ ഒറ്റ ടെണ്ടർ മാത്രമാണ് ഫയലിൽ ഉള്ളത്. എന്നാൽ പ്രവൃത്തി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്ത ഉഷ ഇലക്ട്രോണിക്സ് ,കുറ്റനാട്,പാലക്കാട് എന്ന സ്ഥാപനം തെരുവ് വിളക്കുകൾ എ എം സി എന്ന പ്രവൃത്തിയ്ക്കാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.S0065/18നമ്പർ പദ്ധതിക്ക് ടെണ്ടർ സമർപ്പിയ്ക്കാത്ത സ്ഥപനത്തിനെ എങ്ങനെ

തിരഞ്ഞെടുത്തുവെന്ന് വ്യക്തമല്ല.

2)കെ എസ് ഇ ബിയുടെ ഇലക്ട്രിക് പോസ്ററുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളാണ് റിപ്പയർ ചെയ്യുന്നതെങ്കിലും ,പദ്ധതിയ്ക്ക് കെ എസ് ഇ ബി അനുമതി വാങ്ങിയിട്ടില്ല.കെ എസ് ഇ ബിയുടെ മേൽനോട്ടത്തിൽ പ്രവൃത്തി നടപ്പിലാക്കാതിരുന്നതിനാൽ സ്ഥാപിച്ച ലൈറ്റിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചോ, അംഗീകരിച്ച നിരക്ക് (അധികമാണോ/കുറവാണോ എന്നത്) സംബന്ധിച്ചോ യാതൊരു വ്യക്തതയുമില്ല. അതുപോലെ, ക്ഷമതയുള്ള ഒരു എഞ്ചിനീയറുടെ സാങ്കേതിക മേൽനോട്ടത്തിലല്ല പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ജി ഒ(ആർ ടി )84/98/ ത.സ്വ.ഭ.വ തി. 05.01.98 ലെ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.നിർവ്വഹിച്ച പ്രവൃത്തി ആരും അളവെടുത്തിട്ടില്ല. വിളക്കുകളുടെ സാങ്കേതിക ഗുണനിലവാരം ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ, ഉയർന്ന വാട്സിലുള്ള സാധാരണ ബൾബുകൾ/ട്യൂബുകൾ എന്നിവക്ക് പകരം കുറഞ്ഞ വാട്ടുള്ള എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചത് കെ.എസ്.ഇ.ബി യുടെ കണക്കിൽ വരാത്ത പക്ഷം, സ്ട്രീറ്റ് ലൈറ്റ് ചാർജിനത്തിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ട തുകക്ക് കുറവ് ലഭിക്കാതെ പോകുന്നതാണ്.

3)നാളിതു വരെയും ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതവുമായ തെരുവു വിളക്കുകളെ സംബന്ധിച്ച് കെ എസ് ഇ ബി യും ഗ്രാമപഞ്ചായത്തും സംയുക്തപരിശോധന നടത്തിയിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിനു മുൻപ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതും പ്രവർത്തന രഹിതവുമായ തെരുവു വിളക്കുകളെ സംബന്ധിച്ച് വിവിധ വാർഡ് തിരിച്ചുള്ള വിവരവും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നിലവിലെ പദ്ധതി പ്രകാരം റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ ഒരു വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രോജക്റ്റ് നം. 65/2018 നടപ്പിലാക്കുന്നതിനായി ഉഷ ഇലക്ട്രോണിക്സ് ,കുറ്റനാട്,പാലക്കാട് എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടുമില്ല.ആയതിനാൽ എപ്രകാരമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമല്ല .റിപ്പയർ ചെയ്ത തെരുവു വിളക്കുകൾക്ക് വാറണ്ടി ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമല്ല.പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ. സാങ്കേതിക അനുമതി വാങ്ങുകയോ, സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല.

4)ഏതൊക്കെയിനം ,എത്രവാട്സ് ഉള്ള തെരുവു വിളക്കുകളാണ് സ്ഥാപിച്ചത് എന്ന് വ്യക്തമല്ല.ഗ്രാമപഞ്ചായത്ത് മെമ്പർമാർ ലഭ്യമാക്കിയിട്ടുള്ള പൂർത്തീകരണ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുള്ളത് .പ്രവൃത്തി സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകവും സൂക്ഷിച്ചിട്ടില്ല.

5)K.S.E.B യിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/10.04.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 3,99,850 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയ കുടിവെള്ള പദ്ധതിയ്ക്കായി തനത്ഫണ്ട് വിനിയോഗിയ്ക്കുന്നത് ക്രമപ്രകാരമല്ല

ഗുണഭോക്തൃസമിതിക്ക് കൈമാറിയ തിണ്ടാപ്പാടി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് താഴെ പറയും ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ അടവാക്കിയതും 2018-19 വർഷത്തിൽ ആയത് തുടർന്നുവരുന്നതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

| ക്രമനം. | വൗച്ചർ നം. /തീയ്യതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 1821700192/19.06.17 | 389രൂപ |
| 2 | 1821700552/25.10.17 | 392രൂപ |
| 3 | 1821700679/18.12.17 | 326രൂപ |

സ.ഉ(സാ)നം.1275/2009/തസ്വഭവ തി.30.05.2009,സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖ എന്നിവ പ്രകാരം,കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കിയതിനു ശേഷം
ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കണമെന്നും,തുടർന്നുള്ള ചെലവുകൾ സമിതികൾ തന്നെ വഹിക്കണമെന്നും,വ്യക്തമാക്കിയിട്ടുണ്ട്.പദ്ധതി ഗുണഭോക്താക്കൾ ഏറ്റെടുക്കാൻ തയ്യാറായില്ലെങ്കിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണമെന്നും,വാട്ടർ ചാർജ് പിരിക്കണമെന്നും,മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഇതിനു വിരുദ്ധമായി തിണ്ടാപ്പാടി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് ഒടുക്കി വരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/10.04.19) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം 11.04.2019 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രസ്തുത കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയിട്ടുള്ളതാണെന്നുമുള്ള വസ്തുത യോഗത്തിൽ ചർച്ചചെയ്യുകയും അപാകത പരിഹരിക്കാമെന്ന് മറുപടി അറിയിക്കുകയും ചെയ്തു.അപാകത പരിഹരിയ്ക്കേണ്ടതാണ്.

## 3-4 ലൈബ്രറി സെസ്സ് വൈകി അടവാക്കുന്നു -സർക്കാർ നിർദ്ദേശം പാലിച്ചില്ല.

സർക്കുലർ നം.10088/എൽ3/05/തസ്വഭവ 20.09.15 പ്രകാരം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം. ആദ്യ ഗഡു ഏപ്രിൽ 30 ന് അകവും, രണ്ടാം ഗഡു നവംബർ 30 ന് അകവും അടവാക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ ഈ മാർഗ്ഗ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വർഷം | തുക | വൗച്ചർ നം./തീയതി |
|---|---|---|
| 2016-17 (1st &2nd Half) | 182438 | 21700602/13.11.2017 |
| 2017-18 (1st Half) | 88972 | 21700603/13.11.2017 |

ലൈബ്രറി സെസ്സ് അടവാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 3-5 സോളാർ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതികൾ - അപാകതകൾ

1)പ്രോജക്റ്റ് നം. 69/18

വനിതാ വയോജന സ്നേഹാലയത്തിന് സൗരോർജ്ജ വിളക്കുകൾ

വിനിയോഗിച്ച തുക – 1,08,000 (പ്ലാൻ )

ബിൽ നം. 23/17-18/28.02.19 – 1,08,000 രൂപ

2)പ്രോജക്റ്റ് നം. 112/18

മൃഗാശുപത്രിയിൽ സോളാർപ്ലാന്റ് സ്ഥാപിക്കൽ

വിനിയോഗിച്ച തുക – 4,32,000 (പ്ലാൻ )

ബിൽ നം. 24/17-18/28.02.19 – 4,32,000 രൂപ

3)പ്രോജക്റ്റ് നം. 162/18

ജി എം എൽ പി ,യു പി സ്കൂളുകളിൽ സോളാർപ്ലാന്റ് സ്ഥാപിക്കൽ

വിനിയോഗിച്ച തുക – 15,12,000 (പ്ലാൻ )

ബിൽ നം. 22/17-18/28.02.19 – 15,12,000 രൂപ

4)പ്രോജക്റ്റ് നം. 73/18 (സ്പിൽ ഓവർ)

പഞ്ചായത്ത് ഓഫീസിൽ സോളാർപ്ലാന്റ് സ്ഥാപിക്കൽ

വിനിയോഗിച്ച തുക – 10,80,000 (പ്ലാൻ )

ബിൽ നം. 21/17-18/28.02.19 – 10,80,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം യഥാക്രമം 1KW,4KW,14KW,10KW എന്നിങ്ങനെ ശേഷിയുള്ള സോളാർ പ്ലാന്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്.പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമായി കെൽട്രോണിനെയും ,യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിനെയും (കൊല്ലം) അംഗീകരിച്ചു കൊണ്ട് സ.ഉ (സാധാ)നം. 1384/2014/തസ്വഭവ തി. 03.06.2014 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനെർട്ട് /എം എൻ ആർ ഇ യുടെ പ്രത്യേക നിർദ്ദേശങ്ങൾ (സ്പെസിഫിക്കേഷൻ) പാലിച്ചു കൊണ്ടായിരിക്കണം സൗരോർജ്ജ പദ്ധതികൾ തയ്യാറാക്കേണ്ടത് എന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡുമായി 29.03.2017 ന് മേൽ ക്രമനം. (1),(4)പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി ഉടമ്പടി വെച്ചിട്ടുള്ളതും, ആയതിൽ പ്രവൃത്തി ഏറ്റെടുക്കുവാൻ സ്ഥാപനത്തിന് സാധിക്കാത്ത പക്ഷം കാരണം ഗ്രാമപഞ്ചായത്തിനെ രേഖാ മൂലം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് ഫണ്ടിന്റെ അപര്യാപ്തത അറിയിച്ച് പദ്ധതി തൽക്കാലം നീട്ടിവെയ്ക്കുവാൻ എ2-3700/16 തി. 15.03.17 ലെ കത്തിൽ സെക്രട്ടറി അറിയിച്ചതനുസരിച്ച് കരാർ കമ്പനി കാൻസൽ ചെയ്യുകയും , പുതിയ സാമ്പത്തിക വർഷത്തിൽ നിരക്കുകളിൽ ഭേദഗതി വന്നതിനാലും ജി എസ് ടി നിലവിൽ വന്നതിനാലും നിരക്ക് പുതുക്കി നൽകുന്ന പക്ഷം പ്രവൃത്തിചെയ്യുവാൻ കമ്പനി തയ്യാറാണെന്നറിയിക്കുയുണ്ടായി (കത്ത് നം. മാർക്കറ്റിംഗ് /907/2017-18 സീനിയർ മാനേജർ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്). എന്നാൽ ,പിന്നീട് സ്ഥാപനവുമായി ഇതുസംബന്ധിച്ച് യാതൊരുവിധ കത്തിടപാടും നടത്തിയതിന്റെ വിവരം ഫയലിൽ ഇല്ല. മാത്രമല്ല,പ്രവൃത്തി പിന്നീട് നിർവ്വഹിച്ചിട്ടുള്ളത് സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് ,തൃശ്ശൂർ എന്ന സ്ഥാപനമാണ്. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്-നെ ഒഴിവാക്കാനുള്ള കാരണം വ്യക്തമല്ല. അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്. മേൽ ഉത്തരവിലെ മറ്റൊരു സ്ഥാപനമായ കെൽട്രോണുമായും ഗ്രാമപഞ്ചാത്ത് ബന്ധപ്പെട്ടിട്ടില്ല.

2)പദ്ധതി സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് ,തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തതിന്റെ വിവരം ഫയലിൽ ഇല്ല . ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3)മേൽ ഉത്തരവിൽ അനെർട്ടിന്റെ സ്പെസിഫിക്കേഷൻ പാലിച്ചു കൊണ്ടായിരിക്കണം സൗരോർജ്ജ പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ് എങ്കിലും പ്രവൃത്തി പരിശോധിച്ച് അനെർട്ട്

നൽകിയ റിപ്പോർട്ടിൽ (നം. 13/SRP/ANERT(MPM)/2017-18 തി. 15.02.2018) പരാമർശിച്ച അപാകതകൾ പരിഹരിച്ചതിന്റെ വിവരം ഫയലിൽ ഇല്ല.

4)ജി ഒ (പി)നം. 524/2015/ധനം തി.17.11.15പ്രകാരം 5 ലക്ഷത്തിനു മുകളിൽ വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമല്ലാത്ത സ്ഥാപനത്തെ ടെണ്ടർ കൂടാതെയാണ് തിരഞ്ഞെടുത്തത്. കാരണം വ്യക്തമാല്ല.

5)അക്ഷയ ഊർജ്ജോത്പാദക പ്രോജക്ടുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ഗവ.സർക്കുലർ നം. ഡി എ 1/244/2017/തസ്വഭവ തി. 02.06.2017 പ്രകാരം ശൃംഗലാബന്ധിതമല്ലാത്ത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ സ്ഥാപിയ്ക്കുന്നതിന് ഒന്നു മുതൽ 10 വരെ കിലോവാട്ട് ശേഷിയുള്ളതിന് ബഞ്ച് മാർക്ക് വില 1,08,000 രൂപയാണ്. (ബാറ്ററി കപ്പാസിറ്റി 3600Wh/KW)ആയത് പരിഗണിയ്ക്കാതെയാണ് സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ്ന് കരാർ നൽകിയിട്ടുള്ളത് .കാരണം വ്യക്തമല്ല.

5)സോളാർ പാനലിന്റെ (പാനൽ സ്ഥാപിച്ച മുഴുവൻ സ്ഥാപനങ്ങളിലെയും ) വിവരങ്ങൾ (എ എം സി ഉൾപ്പെടെ) സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

സോളാർ പാനലുകൾ സ്ഥാപിച്ചത് പൂർണ്ണ മൂല്യനിർണ്ണയും നടത്തി റിപ്പോർട്ട് നൽകുവാൻ പലതവണ രേഖാമൂലം അനർട്ടിനോടാവശ്യപ്പെട്ടിരുന്നങ്കിലും ആയത് ലഭ്യമാകാത്ത സാഹചര്യത്തിൽ കെ എസ് ഇ ബി അസി. എഞ്ചിനീയർ മുഖേന പദ്ധതികളുടെ പൂർത്തീകരണം പരിശോധിയ്ക്കുയും റിപ്പോർട്ട് ലഭിയ്ക്കുയുമുണ്ടായി. എന്നാൽ ആയതിൽ മുഴുവൻ പദ്ധതികളും ഉൾപ്പെട്ടിട്ടുണ്ടൊയെന്ന് വ്യക്തമല്ല.

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം.27/11.04.19) മറുപടി ലഭ്യമാക്കില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 31,32,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-6** റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - പഞ്ചായത്ത് ഫണ്ടിന് അമിതഭാരവും അധികച്ചെലവും

2017-18 വർഷത്തിൽ നിരവധി റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുകയുണ്ടായി. ഇതിൽ ഭൂരിഭാഗവും ചെറിയ ദൂരമുള്ള ഇടവഴികളും നടപ്പാതകളുമാണ്. എല്ലാ പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും ചില റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമീണ റോഡുകളും, റോഡുകളുടെ പുനരുദ്ധാരണവും (തൊഴിൽ ഘടകവും, സാധനഘടകവും 60:40 അനുപാതത്തിൽ നിൽക്കത്തക്ക രീതിയിൽ) ഏറ്റെടുക്കാവുന്നതാണെന്ന് 2017-18 NREGS മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. NREGS മുഖേന ചെയ്യുന്ന കോൺക്രീറ്റ് റോഡുകൾക്ക് ചെലവ് വളരെ കുറവാണെന്നു കാണുന്നു. അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള102 മീറ്റർ നീളമുള്ള അംഗൻവാടി-തേവർ കടപ്പുറം റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് (പ്രൊജക്ട് നം.148/18) വന്നിട്ടുള്ള ചെലവുംNREGS മുഖേന ചെയ്യുമ്പോഴുള്ള ചെലവും താരതമ്യം ചെയ്ത് താഴെ ഉദാഹരണമായി ചേർക്കുന്നു.

| ഇനം | അളവ് | കരാറുകാർ മുഖേന DSR-2016 Cost index-40.2% | | NREGS (Secure software മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ്) | |
|---|---|---|---|---|---|
| | | നിരക്ക് | തുക | നിരക്ക് | തുക |
| ക്വാറിമക്ക് നിരത്തൽ | 31.454 | 892.4/cum | 28069.40 | 948.33/cum | 29828.77 |

| | | | | | |
|---|---|---|---|---|---|
| | cum | | | | |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് (15cm കനത്തിൽ) | 30.171 cum | 7716.33/cum | 232809.39 | 5939.74/cum | 179207.90 |
| ആകെ | | | 260878.79 (Ltd to-260879) | | 209036.67 (209037) |

വ്യത്യാസം260879 -209037=51842

കോൺക്രീറ്റ് പ്രവൃത്തികൾ ഓരോ വർഷവും വർദ്ധിച്ച വരുന്ന പ്രവണതയാണ് കണ്ടു വരുന്നത്. നടപ്പാതകളും ചെറിയ ഇടവഴികളും NREGS മുഖേന നിർവ്വഹിച്ചാലുണ്ടാകുന്ന ലാഭം മേൽ കാണിച്ച താരതമ്യത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ തൊഴിലുറപ്പ് മേഖലയിൽ അധികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും. പൊതുഫണ്ട് ചെലവഴിക്കുമ്പോൾ ഏറ്റവും ചെലവ് കുറഞ്ഞ രീതി, ഫലപ്രാപ്തി, വസ്തുനിഷ്ഠത, സുതാര്യത എന്നിവ കണക്കിലെടുക്കേണ്ടതാണ്. പ്രൊജക്റ്റുകളുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും ക്രിയാത്മകമായ സമീപനം ഉറപ്പാക്കേണ്ടതാണ്.

## 3-7 മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചു.

2017-18 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ 13 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കായി സാധനഘടകങ്ങൾ ലഭ്യമാക്കുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചതായി കാണുന്നു. ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ പരസ്യത്തിൽ സാധനസാമഗ്രികൾ വിതരണം ചെയ്യാൻ താൽപ്പര്യമുള്ള PWD കോൺട്രാക്ടർമാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇക്കാരണത്താലാണ് PWD കോൺട്രാക്ടർമാർ ടെണ്ടറിൽ പങ്കെടുക്കാൻ കാരണം എന്ന് വ്യക്തമാണ്. പ്രവൃത്തികളിൽ ഒരു ഇടനിലക്കാരന്റെ റോൾ മാത്രമാണ് കോൺട്രാക്ടർമാർക്ക് നിർവ്വഹിക്കാനുള്ളത്. വിതരണക്കാരിൽ നിന്നും കോൺട്രാക്ടർമാർ സാധനസാമഗ്രികൾ വാങ്ങി അവരുടെ ലാഭവിഹിതം കൂടി വസൂലാക്കിയിട്ടാണ് നൽകിയിട്ടുള്ളത്. ഇത് അംഗീകൃത ഡീലർമാരുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കി. ടെണ്ടർ ക്ഷണിച്ചതിലും അംഗീകരിച്ചതിലും വന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കി പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്.

## 3-8 NREGS-ജലസുരക്ഷ/കിണർ റീചാർജ് പദ്ധതികൾക്ക് പ്രാധാന്യം നൽകിയില്ല.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) നം.161/16/തസ്വഭവ തീ.09.11.16-പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ലേബർ ബജറ്റ് പ്രകാരം 80 കിണർ റീചാർജ് പ്രവൃത്തികൾ ചെയ്യാൻ പ്ലാൻ ചെയ്തിരുന്നുവെങ്കിലും 3 പ്രവൃത്തികൾ മാത്രമാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 643200 രൂപ (വൗച്ചർ നം.21700244/28.06.2017) ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

ജലസുരക്ഷ പദ്ധതികളുടെ പ്രസക്തി ഇതിൽ നിന്നും വ്യക്തമാണ്. കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും, ജലക്ഷാമം പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതുമാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

## 3-9 സ്വയം തൊഴിലിന് ഓട്ടോറിക്ഷ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 110/18

വിനിയോഗിച്ച തുക – 7,50,000 രൂപ (എസ് സി പി )

ബിൽ നം. 7/17-18/18.12.17 – 4,50,000 രൂപ

ബിൽ നം. 11/17-18/16.01.18 – 50,000 രൂപ

ബിൽ നം. 15/17-18/8.02.18 – 1,00,000 രൂപ

ബിൽ നം. 21/17-18/20.03.18 – 1,00,000 രൂപ

ബിൽ നം. 26/17-18/24.03.18 – 50,000 രൂപ

നിർവ്വഹണം - അസി. സെക്രട്ടറി

പട്ടിക ജാതിക്കാരായ ഗുണഭോക്താക്കൾക്ക് തിരൂർ മോട്ടോർ ട്രാൻസ്പോർട്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി,തെക്കുംമുറി, തിരൂർ മുഖേന, ഗുണഭോക്താക്കൾ ലോൺ എടുത്തതിന് ശേഷം ബാക്ക് എൻഡ് സബ്സിഡിയായി തുക സൊസൈറ്റിക്ക് നൽകുന്നതാണ് പദ്ധതി. 15 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം സബ്സിഡി തുക സൊസൈറ്റിയ്ക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളുടെ ഓട്ടോറിക്ഷകൾ റജിസ്റ്റർ ചെയ്തിട്ടുള്ളത് തിരൂർ മോട്ടോർ കോ.ഓ.സൊസൈറ്റിയുടെ സെക്രട്ടറിയുടെ പേരിലാണ്. ഗുണഭോക്താക്കളുടെ പേരിൽ ഓട്ടോറിക്ഷ റജിസ്റ്റർ ചെയ്യാതെയും ലോൺ തിരിച്ചടവ് കഴിയുന്നമുറയ്ക്ക് ഗുണഭോക്താക്കളുടെ പേരിൽ വാഹനം റജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ് എന്ന മാനദണ്ഡം ഉൾപ്പെടുത്തി സൊസൈറ്റിയുമായി കരാർ ചമയ്ക്കാതെയുമാണ് സബ്സിഡി തുക ഏകപക്ഷീയമായി സൊസൈറ്റിക്ക് നൽകിയിട്ടുള്ളത്.

2. ഗുണഭോക്താക്കളുടെ പേരിൽ സ്റ്റാമ്പ് പേപ്പർ വാങ്ങി എന്നല്ലാതെ വാഹനം കൈമാറ്റം ചെയ്യുകയോ വിൽപന നടത്തുകയോ ഇല്ലെന്നും ദുരുപയോഗം ചെയ്യുകയില്ലെന്നുമുള്ള വിവരം ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടില്ല.

അപാകത പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള(നം. 4/04.04.19) മറുപടിയിൽ മേൽ അപാകതകൾ പരിഹരിയ്ക്കുന്നതാണെന്ന വിവരം ലഭ്യമാക്കി.ലോൺ തിരിച്ചടവ് കഴിയുന്നമുറയ്ക്ക് ഗുണഭോക്താക്കളുടെ പേരിൽ വാഹനം റജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ് എന്ന മാനദണ്ഡം ഉൾപ്പെടുത്തി സൊസൈറ്റിയുമായി കരാർ വെച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതു വരെ ചെലവുതുക 7,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 27/18

എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ പദ്ധതി

വിനിയോഗിച്ച തുക – 1,69,988 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം. 28/17-18/27.03.18

നിർവ്വഹണം - അസി. സെക്രട്ടറി

പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും വാങ്ങിയ 34എണ്ണം സ്റ്റീൽ ടേബിളും ,34എണ്ണം കൈയ്യില്ലാത്ത ചെയറും പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 80/2017 / ത.സ്വ.ഭ.വ തി. 03.04.2017 പ്രകാരം സ്കൂൾ അധികൃതർ നൽകുന്ന ഗുണഭോക്തൃപ്പട്ടികയുടെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതർ മുഖേനയാണ് ആനുകൂല്യ വിതരണം നടത്തേണ്ടത്. എന്നാൽ സ്കൂൾ അധികൃതരിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങി നേരിട്ട് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

2)താഴെ പറയുന്ന ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ പട്ടികജാതിക്കാരാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

i)അനഘദാസ്,കാപ്പാട്ടകത്ത്,പച്ചട്ടാരി (ക്ലാസ് -6, ജി യു പി എസ് പറവണ്ണ)

ii)ഭാഗ്യദാസ്, ചെറിയോടത്തിലത്ത്,വെട്ടം പി ഒ, (ക്ലാസ് -4, എ എം യു പി എസ് വെട്ടം )

iii)റിഇൽ എം പി, മണ്ണുപ്പാടത്ത്, പച്ചട്ടാരി (ക്ലാസ് -4, പി എ എൻ എസ്എ പച്ചട്ടാരി)

iv)വിസ്മയ എം പി,മണ്ണുപ്പാടത്ത്, പച്ചട്ടാരി (ക്ലാസ് -3, പി എ എൻ എസ്എ പച്ചട്ടാരി)

v)മേഘന എം പി,മാതാംപറമ്പിൽ, പച്ചട്ടാരി പി ഒ

3)താഴെ പറയുന്ന ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

i)മേഘന എം പി,മാതാംപറമ്പിൽ, പച്ചട്ടാരി പി ഒ

ii)സജ്ന എം പി,മാതാംപറമ്പിൽ, പച്ചട്ടാരി പി ഒ

അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (നം.07/04.04.19)രേഖകൾ ലഭ്യമാക്കുന്നതാണെന്നറിയിച്ചു. ആയത് ലഭ്യമാക്കുന്നതു വരെ പദ്ധതിയ്ക്കായി ചെലവഴിച്ച 1,69,988 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## **3-11** <u>ഭവന പുനരുദ്ധാരണം (ജനറൽ) പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല</u>

പ്രോജക്റ്റ് നം. 98/18

ഭവന പുനരുദ്ധാരണം (ജനറൽ) പദ്ധതി (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 4,25,000 രൂപ (പ്ലാൻ)

ബിൽ നം. 2/17-18/20.07.18 – 1,75,000 രൂപ

ബിൽ നം. 4/17-18/11.09.17 – 1,50,000 രൂപ

ബിൽ നം. 7/17-18/30.10.17 – 75,000 രൂപ

ബിൽ നം. 15/17-18/15.02.18 – 25,000 രൂപ

സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 17 പേർക്ക് 25,000 രൂപ വീതം ഭവന പുനരുദ്ധാരണത്തിനായി നൽകിയിട്ടുണ്ട്. പദ്ധതിയുടെ താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1)സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 4/2016/തസ്വഭവ തി. 11.01.2016 പ്രകാരം,പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് ഈ ആനുകൂല്യം ലഭിയ്ക്കുവാൻ അർഹതയുള്ളൂ.ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾ അപ്രകാരമുള്ളവരാണെന്ന് തെളിയിക്കുന്ന രേഖ

2)എൽ എസ് ജി ഡി എഞ്ചിനീയർ അളവെടുത്ത ശേഷമാകണം ആനുകൂല്യം വിതരണം ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 9/04.04.19) മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നതു വരെ ചെലവുതുക 4,25,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-12 കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 7/18

കിഴങ്ങുവിള വികസനം പദ്ധതി

വിനിയോഗിച്ച തുക -2,78,000 രൂപ

ബിൽ നം.13/17-18/21.02.18 - 2,78,000 രൂപ

278ഗുണഭോക്താക്കൾക്ക് കിഴങ്ങുവിള കിറ്റ് നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

i) സബ്സിഡി മാർഗ്ഗ രേഖ ജി ഒ (എം എസ് )നം.80/2017/ ത.സ്വ.ഭ.വ തി.03.04.2017 പ്രകാരം കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി കൃഷി ഓഫീസർ പരിശോധിച്ചായിരിയ്ക്കണം വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 278 ഗുണഭോക്താക്കൾ എത്ര അളവിൽ ഏതെല്ലാം കിഴങ്ങുവിളകളാണ് കൃഷി ചെയ്തത് എന്നതു സംബന്ധിച്ച രേഖകൾ ഇല്ല.

ii)പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

2)പ്രോജക്റ്റ് നം. 6/18

വനിത അടുക്കള കൃഷിത്തോട്ടം

വിനിയോഗിച്ച തുക -2,12,740 രൂപ (പ്ലാൻ )

ബിൽ നം.15/17-18/24.03.18 – 2,12,740 രൂപ

ഹൈടെക് ഗ്രീൻ ആർമി ,വെട്ടം തയ്യാർചെയ്തു വഴുതിന ,തക്കാളി ,മുളക് എന്നിവയുടെ തൈകൾ വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

i)എത്ര ഗുണഭോക്താക്കൾക്ക് തൈകൾ വിതരണം നടത്തിയിട്ടുണ്ടെന്ന് എന്ന് തെളിയിക്കുന്ന രേഖകൾ

ii) ഗുണഭോക്താക്കൾ കൃഷി ചെയ്തതിന്റെ വിവരം, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട്.

3)പ്രോജക്റ്റ് നം. 11/18

ജൈവ പച്ചക്കറികൃഷി പദ്ധതി

വിനിയോഗിച്ച തുക – 2,49,591 രൂപ

ബിൽ നം.18/17-18/24.03.18 – 1,52,091 രൂപ

ബിൽ നം.12/17-18/17.02.18 – 34,950 രൂപ

ബിൽ നം.11/17-18/17.02.18 – 62,550 രൂപ

ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് - 37,530 രൂപ

പദ്ധതി പ്രകാരം 1251 എണ്ണം ഗ്രോബാഗ്,466പേർക്ക് പച്ചക്കറിവിത്ത്,80പേർക്ക് ജൈവവളം എന്നിവയാണ് നൽകിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

i) ഗുണഭോക്താക്കൾ എത്ര അളവിൽ വിവിധ പച്ചക്കറികളുടെ കൃഷിനടത്തി എന്നത് സംബന്ധിച്ച കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ.

ii)പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ
അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം.3/4.04.19) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 7,40,331 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതികൾ - അപാകതകൾ

1)പ്രോജക്റ്റ് നം. 85/18

പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി (സ്പിൽ ഓവർ)

വിനിയോഗിച്ചതുക-1,49,940രൂപ(SCP)
ബിൽനം.2/17-18/19.08.17- 1,49,940രൂപ

നിർവ്വഹണം – അസി. സെക്രട്ടറി

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട പട്ടികജാതിക്കാരായ 6ഗുണഭോക്താക്കൾക്ക് ലാപ്പ് ടോപ്പ് വാങ്ങി വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷ, ടെണ്ടർ ക്ഷണിച്ചതിന്റെയും വിതരണം ചെയ്ത സ്ഥാപനത്തെ തിരഞ്ഞെടുത്തതിന്റെ വിവരം,ലാപ്ടോപ്പ് നൽകിയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (നം.13/04.04.19) സർക്കാർ അംഗീകൃത ഏജൻസിയായ കെ എസ് ഐ ഇ ലിമിറ്റഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കിയതെന്നും ,രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു.സ.ഉ.(സാധാ.)നം.3299/2016/ത.സ്വ.ഭ.വ. തീയിതി 02-12-2016 പ്രകാരം സർക്കാർ അംഗീകൃത സ്ഥാപനങ്ങളടക്കം സ്വയം നിർമ്മിക്കുന്ന സാമഗ്രികൾ മാത്രമാണ് ടെണ്ടർ ഒഴിവാക്കി വാങ്ങാവുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ സ്വന്തമായി നിർമ്മിക്കാത്ത പ്രസ്തുത സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങിയതിന്റെ കാരണവും വ്യക്തമല്ല. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതും പദ്ധതി സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയത് ലഭ്യമാക്കുന്നതു വരെ പദ്ധതിയ്ക്കായി ചെലവഴിച്ച 1,49,940 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2)പ്രോജക്റ്റ് നം. 24/18(പുതിയത്)

പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി

വിനിയോഗിച്ചതുക-4,45,284രൂപ(SCP)

ബിൽനം.22/17-18/24.03.18-24,734രൂപ

ബിൽനം.9/17-18/27.12.17-4,20,546രൂപ

നിർവ്വഹണം – അസി. സെക്രട്ടറി

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട പട്ടികജാതിക്കാരായ 18ഗുണഭോക്താക്കൾക്ക് ലാപ്പ് ടോപ്പ് വാങ്ങി വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I) താഴെ പറയുന്ന ഗുണഭോക്താക്കൾ യൂനിവേഴ്സിറ്റി അഫീലിയേഷനില്ലാത്ത പ്രൈവറ്റ് സ്ഥാപനത്തിൽ പഠനം നടത്തിയിട്ടുള്ളവരാണ്. എന്നാൽ യുനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പരീക്ഷ എഴുതിയതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1)ശ്യാജിത്ത് വൈശ്യംകണ്ടിൽ,വെട്ടം പി ഒ - ബി.കോം സ്റ്റുഡന്റ് ,ഗൈഡ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ,തിരൂർ

2)രവീണമിത്ര,ചെമ്പാലക്കടലത്ത്,വെട്ടം പി ഒ- ബി.എ മലയാളം,തിരൂർ കോ.ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജ്

3)രഹന രവീന്ദ്രൻ,തിരുത്തിപറമ്പിൽ,വെട്ടം പി ഒ- ബി.കോം,തിരൂർ കോ.ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജ്

4)ശിശിര കാപ്പാട്ടുകത്ത്,വാക്കാട് പി ഒ- ബി.എ മലയാളം,തിരൂർ കോ.ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജ്

5)വിപിൻദാസ് കാപ്പാട്ടുകത്ത്,വാക്കാട് പി ഒ- ബി.എ മലയാളം,തിരൂർ കോ.ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജ്

6) വിനീത കൊട്ടമ്പാറ, വെട്ടം പി ഒ-ബി എ സോഷ്യോളജി,വള്ളത്തോൾ ആർട്സ് കോളേജ് എടപ്പാൾ

II)താഴെ പറയുന്ന ഗുണഭോക്താക്കൾ ലാപ് ടോപ്പ് കൈപ്പറ്റിയതിന്റെ രേഖയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1) സിജിൻ പണ്ടാറക്കുളം പടിയ്ക്കൽ വീട്, വെട്ടം പി ഒ

2)ഹരീഷ് കെ പി, കളത്തിൽ പറമ്പിൽ,വെട്ടം പി ഒ

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (നം.10/04.04.19)രേഖകൾ ലഭ്യമാക്കുന്നതാണെന്നറിയിച്ചു. ആയത് ലഭ്യമാക്കുന്നതു വരെ മേൽ വ്യക്തികൾക്ക് ലാപ്ടോപ്പ് വാങ്ങിയ്ക്കുന്നതിനായി ചെലവഴിച്ച 1,97,904 രൂപ (24 738*8)ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-14 <u>8,9,10 ക്ലാസുകളിൽ പഠിയ്ക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി - അപാകതകൾ</u>

പ്രോജക്റ്റ് നം. 151/18

8,9,10 ക്ലാസുകളിൽ പഠിയ്ക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി

വിനിയോഗിച്ച തുക – 2,30,430 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം. 8/17-18/27.12.17 – 1,22,806 രൂപ

ബിൽ നം. 10/17-18/15.01.18 – 72,902 രൂപ

ബിൽ നം. 20/17-18/21.03.18 – 34,722 രൂപ

നിർവ്വഹണം - അസി. സെക്രട്ടറി

പദ്ധതി പ്രകാരം 8,9,10 ക്ലാസുകളിൽ പഠിയ്ക്കുന്ന പട്ടികജാതിക്കാരായ 33 വിദ്യാർത്ഥിനികൾക്കും 27 വിദ്യാർത്ഥികൾക്കും ടെണ്ടർ മുഖേന സൈക്കിൾ വാങ്ങി നൽകുന്നതിനാണ് തുക വിനിയോഗിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 80/2017 / ത.സ്വ.ഭ.വ തി. 03.04.2017 പ്രകാരം സ്കൂൾ അധികൃതർ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതർ മുഖേനയാണ് ആനുകൂല്യ വിതരണം നടത്തേണ്ടത്. എന്നാൽ സ്കൂൾ അധികൃതരിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങി നേരിട്ട് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

2)താഴെ പറയുന്ന ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

i)അതുല്യ കുന്നത്ത് വീട്, പച്ചട്ടാരി പി ഒ

ii)അഞ്ജന കുന്നത്ത് വീട്, പച്ചട്ടാരി പി ഒ

iii) ആഗ ചന്ദ്രൻ,ചന്ദ്രൻമാരുംപറമ്പിൽ,പച്ചട്ടാരി പി ഒ

അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (നം.06/04.04.19)രേഖകൾ ലഭ്യമാക്കുന്നതാണെന്നറിയിച്ചു. ആയത് ലഭ്യമാക്കുന്നതു വരെ പദ്ധതിയ്ക്കായി ചെലവഴിച്ച 2,30,430 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-15** ആശ്രയ പദ്ധതി

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം 31.03.2018 ന് അവസാനിച്ചിട്ടുണ്ട്. പോഷകാഹാര കിറ്റിനായി 247000 യും ഭവനനിർമ്മാണത്തിനായി 1400000 രൂപയും 2017-18 ൽ ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതി അവസാനിക്കുമ്പോൾ ബാങ്ക് അക്കൌണ്ടിൽ (A/C 14463യൂണിയൻ ബാങ്ക്,തിരൂർ) 1244231.84 രൂപ അവശേഷിക്കുന്നുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ മുഴുവൻ നിറവേറ്റപ്പെടാതെ പദ്ധതി അവസാനിക്കുകയാണുണ്ടായത്. മുൻ വർഷങ്ങളിലുൾപ്പടെ ഭവനനിർമ്മാണത്തിനും, പോഷകാഹാര വിതരണത്തിനുമായുള്ള ഒരു പദ്ധതി മാത്രമായി ആശ്രയ പദ്ധതി ചുരുങ്ങി. ആവശ്യത്തിന് ഫണ്ട് അക്കൌണ്ടിൽ ലഭ്യമായിരുന്നപ്പോഴും ബിൽ നം. 4/17-18/28.10.17 പ്രകാരം 1000000 രൂപ പദ്ധതി നടത്തിപ്പിനായി ലഭ്യമാക്കിയിട്ടുണ്ട്. വികസനഫണ്ട് അടക്കമുള്ള തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചത്, ഫണ്ടിന്റെ ദുരുപയോഗമാണ്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി, നിർവ്വഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ.(എം.എസ്) നം.252/2017 /തസ്വഭവ 12.12.2017-അഗതി രഹിത കേരളം- മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പദ്ധതി ആരംഭിച്ചിട്ടില്ല. പദ്ധതിയിൽ 100 കുടുംബങ്ങളാണുള്ളത്. ആശ്രയപദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 58 പേരും രണ്ടാം ഘട്ടത്തിൽ 28 കുടുംബങ്ങളുമാണുണ്ടായിരുന്നത്. വിവിധങ്ങളായ വികസന ജനക്ഷേമ പ്രവർത്തനങ്ങൾക്ക ശേഷവും ദരിദ്ര കുടുംബങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി എന്നത് ശ്രദ്ധേയമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-16 പി എം എ വൈ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ക് നം. 28/18

പി എം എ വൈ വിഹിതം അടവാക്കൽ (എസ് സി ) പദ്ധതി

വിനിയോഗിച്ച തുക – 80,000 രൂപ (എസ് സി പി )

ബിൽ നം. 1/17-18/17.08.2017 -തുക -80000/-രൂപ

നിർവ്വഹണം - അസി. സെക്രട്ടറി

പദ്ധതി പ്രകാരം പട്ടികജാതിക്കാരായ പി എം എ വൈ ഗുണഭോക്താക്കളുള്ള വിഹിതം ,സെക്രട്ടറി ,തിരൂർ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകത പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (നം.12/04.04.19)രേഖകൾ ലഭ്യമാക്കുന്നതാണെന്നറിയിച്ചു. ആയത് ലഭ്യമാക്കുന്നതു വരെ പദ്ധതിയ്ക്കായി ചെലവഴിച്ച 80,000 രൂപ തടസ്സം ചെയ്യുന്നു.

## 3-17 സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ, സി.എച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരിരക്ഷ പദ്ധതിയുടെ (19/17-18) ഭാഗമായി 158,000 രൂപക്ക് (ബിൽ നം- 3/17-18, തി-12.1.2018) മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.ആയത് അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, സി.എച്.സി ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-26/ 9.4.2019) മറുപടി നൽകിയിട്ടില്ല . ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നത് വരെ ചെലവ് തുക 158,000 രൂപ തടസ്സം ചെയ്യുന്നു.

## 3-18 ഗുണഭോക്തൃ ലിസ്റ്റ്- മുൻഗണന ക്രമം പാലിച്ചില്ല.

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മത്സ്യ ബന്ധനത്തിനുള്ള ഡിങ്കി നൽകൽ എന്ന പദ്ധതി (2/17-18) പ്രകാരം വികസന ഫണ്ടിൽ നിന്ന് 159600 രൂപയും (ബിൽ നം- 2/17-18, 79800 തി-23.2.2018, 3/17-18, 79800 തി-9.3.2018) ഗുണഭോക്തൃ വിഹിതമായ 119700 രൂപയും (ചെക്ക് നം- 2063634, 39900 തി-22.3.2018, 2063633, 79800 തി-22.3.2018) ഉൾപ്പെടെ ആകെ 279300 രൂപ ചെലവഴിച്ച് 6പേർക്ക് ഡിങ്കി വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാ ക്രമം പാലിച്ചിട്ടില്ല. 31 പേരുള്ള ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. 3,4,5,6,19,23 എന്നീ ഗുണഭോക്താക്കൾക്കൾക്കാണ് ഡിങ്കി നൽകിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലെ ആദ്യ ഗുണഭോക്താക്കൾക്ക് ഡിങ്കി നൽകാതിരിക്കാനുണ്ടായ സാഹചര്യം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ സമ്മതപത്രവും വാങ്ങിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് ഫിഷറീസ് സബ് ഇൻസ്പെക്ടർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-24/ 9.4 .2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85000 | നെൽകൃഷി കൂലി ചെലവ് | 73526 | 11474 |
| | 2017-18 | 4,00,000 | പരിരക്ഷാ പദ്ധതി | 4,00,000 | 0 |
| | 2017-18 | 161889 | പരിരക്ഷാ പദ്ധതി | 161735 | 154 |
| | 2017-18 | 165000 | ഭിന്നശേഷി സ്കോളർഷിപ്പ് | 165000 | 0 |
| | 2017-18 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 31758 | 118242 |
| ജില്ലാപഞ്ചായത്ത് | 2017-18 | 85000 | നെൽകൃഷി കൂലി ചെലവ് | 73526 | 11474 |
| | 2017-18 | 300000 | പരിരക്ഷാ പദ്ധതി | 0 | 300000 |

ചെലവഴിക്കാതെ അവശേഷിച്ച തുക വിഹിതം നൽകിയ സ്ഥാപനത്തിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4371രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | ലഭ്യമല്ല | 1038 | വേലായുധൻ | 117050102517/15.11.17 |
| 2016-17 | 3.8 | 3333 | മുംതാസ് ടി പി , ടി എ | 117050103780/16.03.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി പരിവിലെ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,66,01,898 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,71,37,786 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 64,33,443 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,99,850 | ശ്രീ. പി മുരളി ,സെക്രട്ടറി |
| 3-5 | 31,32,000 | ശ്രീ. പി മുരളി ,സെക്രട്ടറി |
| 3-9 | 7,50,000 | ശ്രീ. ബീരാൻകുട്ടി എ ,അസി. സെക്രട്ടറി |
| 3-10 | 1,69,988 | ശ്രീ. ബീരാൻകുട്ടി എ ,അസി. സെക്രട്ടറി |
| 3-11 | 4,25,000 | ശ്രീ.ലൈജുമോൻ ,വി ഇ ഒ |
| 3-12 | 7,40,331 | ശ്രീമതി .ദിവ്യ കെ,കൃഷി ഓഫീസർ |
| 3-13 | 3.47,844 | ശ്രീ. ബീരാൻകുട്ടി എ ,അസി. സെക്രട്ടറി |
| 3-14 | 2,30,430 | ശ്രീ. ബീരാൻകുട്ടി എ ,അസി. സെക്രട്ടറി |
| 3-16 | 80,000 | ശ്രീ. ബീരാൻകുട്ടി എ ,അസി. സെക്രട്ടറി |
| 3-17 | 1,58,000 | ഡോ.മുജീബ് റഹ്മാൻ,മെഡിയ്ക്കൽ ഓഫീസർ സി എച്ച് സി |
| ആകെ | 64,33,443 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രം.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1967 -68 | എൽ എഫ് എം 7/809/88 തി. 14.06.88 | 2 |
| 2 | 1968-69 | എൽ എഫ് എം 7/810/88 തി. 14.06.88 | 21 |
| 3 | 1969-70 | എൽ എഫ് എം 7/811/88 തി. 14.06.88 | 36 |

| | | | |
|---|---|---|---|
| 4 | 1970-71 | എൽ എഫ് എം 7/812/88 തി. 15.06.88 | 33 |
| 5 | 1973-74 | എൽ എഫ് എം 7/813/88 തി. 15.06.88 | 2 |
| 6 | 1974-75 | എൽ എഫ് എം 7/814/88 തി. 15.06.88 | 2 |
| 7 | 1976-77 | എൽ എഫ് എം 7/815/88 തി. 06.06.88 | 5 |
| 8 | 1980-81 | എൽ എഫ് എം 7/819/88 തി. 17.06.88 | 16 |
| 9 | 1989-90<br>90-91 | എൽ എഫ് എം 17/1558/16 തി. 23.01.18 | 6 |
| 10 | 1995-96 | എൽ എഫ് എം 17/1509/12(10) തി. 20.04.13 | 1 |
| 11 | 1997-98 | എൽ എഫ് എം 17/1509/12(12) തി. 20.04.13 | 6 |
| 12 | 1998-99 | എൽ എഫ് എം 17/1509/12(13) തി. 20.04.13 | 6 |
| 13 | 1999-00 | എൽ എഫ് എം 16/228/12/05 തി. 31.05.06/05.01.06 | 18 |
| 14 | 2000-01 | എൽ എഫ് എം 17/1509/12(14) തി. 22.04.13 | 35 |
| 15 | 2001-02 | എൽ എഫ് എം 14/138/09 തി. 07.05.09 | 9 |
| 16 | 2002-03 | എൽ എഫ് എം 14/139/09 തി. 07.05.09 | 5 |
| 17 | 2003-04 | എൽ എഫ് എം 14/140/09 തി. 07.05.09 | 11 |
| 18 | 2004-05 | എൽ എഫ് എം 14/141/09 തി. 07.05.09 | 13 |
| 19 | 2005-06 | എൽ എഫ് എം 14/1842/09 തി. 23.02.10 | 8 |
| 20 | 2006-07 | എൽ എഫ് എം 18/1560(b)/10 തി. 15.09.2011 | 20 |
| 21 | 2007-08 | എൽ എഫ് എം 17/213/11 തി. 15.09.11 | 16 |
| 22 | 2008-09 | എൽ എഫ് എം 17/1515/11 തി. 15.09.11 | 15 |
| 23 | 2009-10 | എൽ എഫ് എം 17/1514/11 തി. 13.06.12 | 10 |

| | | | |
|---|---|---|---|
| | 2010-11 | | |
| 24 | 2011-12<br>2012-13 | കെ എസ് എ -എം പി എം 17/2124/16 തി. 07.10.16 | 9 |
| 25 | 2013-14<br>2014-15 | കെ എസ് എ -എം പി എം 17/2073/16 തി. 13.03.17 | 7 |
| 26 | 2015-16 | കെ എസ് എ -എം പി എം 17/19/17 തി. 08.03.18 | 16 |
| 27 | 2016-17 | കെ എസ് എ -എം പി എം 17/2193/17 തി. 31.07.18 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.എം.പി.എം.17/1679/18

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം

തീയതി: 05.07.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം